little KITEs

2020

# മിഴിവ്

## ഡിജിറ്റൽ മാഗസിൻ

### ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
### പീച്ചി




# ഗവ ഹയർ സെക്കണ്ടറി സ്കൂൾ , പീച്ചി

## ഞങ്ങളുടെ സവിശേഷതകൾ....

1960 മുതൽ പീച്ചി പ്രദേശത്തെ ഭാവിതലമുറയെ അറിവിന്റെ ലോകത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിന് താങ്ങും തണലുമായി നിൽക്കുന്ന പീച്ചി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ അധ്യയനത്തിന്റെ 59 വർഷങ്ങൾ പിന്നിടുമ്പോൾ നിറഞ്ഞ മനസ്സോടെ കുറിക്കട്ടെ.......

- പീച്ചിയിലെ ജനങ്ങളുടെ വിദ്യാകേന്ദ്രമായ നമ്മുടെ സ്കൂളിന് ജനപ്രതിനിധികളും പാണഞ്ചേരി പഞ്ചായത്തംഗങ്ങളും നൽകുന്ന നിർലോഭമായ സഹകരണം.......
- ഞങ്ങളോടൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുന്ന ആർജവത്വം നിറഞ്ഞ PTA - SMC കമ്മിറ്റി അംഗങ്ങൾ......
- സേവനമനോഭാവവും, അർപ്പണബോധവും കൈമുതലാക്കിയ ഹെഡ്മിസ്ട്രസ്സ്, സഹഅധ്യാപകർ, അധ്യാപകേതര ജീവനക്കാർ.
- നിറഞ്ഞ മനസ്സോടെ, ആത്മവിശ്വാസത്തോടെ മക്കളെ ഞങ്ങളുടെ കയ്യിൽ ഏൽപ്പിച്ച നല്ലവരായ മാതാപിതാക്കൾ.
- സ്കൂളിന്റെ നന്മയ്ക്കായി ഞങ്ങളോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന ദിവ്യഹൃദയാശ്രമ ഡയറക്ടർ ബഹു. ഫാ. ജോർജ്ജ് കണ്ണംപ്ലാക്കൽ.
- പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾ ഭാവിയിലേക്കുള്ള മുതൽ കൂട്ടാണെന്ന തിരിച്ചറിവിലൂടെ അറിവ് സ്വായത്തമാക്കാൻ ശ്രമിക്കുന്ന ഊർജസ്വലരായ കുട്ടികൾ.
- സ്കൂളിന്റെ യശസ്സും അഭിമാനവും ഉയർത്തിപിടിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ.

**ഇവരാണ് പീച്ചി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ മുതൽകൂട്ട്.**





# മുഖക്കുറിപ്പ്

എഴുത്തുകാരന്മാരുടെ വായ്മൊഴിയിൽ നിന്നും തുടങ്ങിയ അറിവ് സമ്പാദനം മണലിൽ വിരലോടിച്ചും ഓലയിൽ നാരായം കൊണ്ട് കുത്തിക്കുറിച്ചും സ്ളേറ്റും പെൻസിലുമായി ചങ്ങാത്തം കൂടി, എഴുതിയും മായിച്ചും അറിവിന്റെ പടികൾ ഓരോന്നായി ചവിട്ടിക്കയറുമ്പോൾ പുസ്തകതാളും, പെൻസിലും, പേനയും ആശയാവിഷ്ക്കാരത്തിന്റെ പുതിയ മാനങ്ങൾ നമുക്ക് നൽകി. സാങ്കേതിക വിദ്യയും പ്രസാധനവും നമ്മിലെ സർഗാത്മകതയെ പരിപോഷിപ്പിച്ചു.

അതിശയിപ്പിക്കുന്ന വേഗത്തിൽ നമ്മെ കീഴടക്കിയ ഇന്റർനെറ്റ് നെറ്റ് യുഗത്തിൽ കണ്ണും മനസും ഹൃദയവും തുറന്ന് ആസ്വദിക്കാനും അറിയാനുമായി ഈ ഡിജിറ്റിൽ മാഗസിൻ സമർപ്പിക്കുന്നു.







- കവിത
- അക്ഷരങ്ങളിലൂടെ..............
- ഏകദിന ക്യാമ്പ്
- സ്കൂൾ പ്രവർത്തനങ്ങളിലൂടെ
- ഊരു താളം
- വായനാ വാരം
- ദിൽ രാജും, ഗിരീഷും പിന്നെ പെൻസിലും
- നന്ദി



# അമ്മ

അമ്മയെന്നോർക്കുമ്പോൾ
എൻമനസ്സിലയരും
ആയിരമായിരം ചിന്തകൾ
പത്തുമാസമെൻ ഭാരം ചുമന്ന്
എൻ ചലനങ്ങളറിഞ്ഞ്
എന്നെ സ്നേഹിച്ചതാണീ അമ്മ
എൻ ജനനത്തിൻ വേളയതിൽ
സന്തോഷാശ്രുക്കൾ പൊഴിച്ച്
എനിക്കായി മാത്രം ജീവിച്ചതാണീ അമ്മ
എൻ ഉയർച്ചയിൽ വളർച്ചയിൽ
എന്നോടൊപ്പം നിശബ്ദമായി
സന്തോഷിച്ചാനന്ദിച്ചതാണീ അമ്മ
എൻ ജീവിതത്തിൻ വേദനകളിൽ
എൻ മനസ്സിൻ ചിന്തകൾ
വിവേചിച്ചറിഞ്ഞതാണീ അമ്മ
അന്ധതനിറഞ്ഞോരാ വഴിത്താരകളിൽ
പ്രകാശമേകുന്ന കെടാവിളക്കായി
പ്രശോഭിച്ചവളാണീ അമ്മ
തനിയ്ക്കായൊന്നും മാറ്റിവയ്ക്കാതെ
തനിയ്ക്കായൊന്നും നേടാതെ
എല്ലാം ദാനമായി നൽകുന്നതാണീ അമ്മ
തൻ സ്വപ്നങ്ങൾ ഉള്ളിലൊതുക്കി
എൻ സ്വപ്നങ്ങൾ പൂവണിയാനായി
എനിക്കായി ജീവിതം സമർപ്പിച്ചതാണീ അമ്മ

# അക്ഷരങ്ങളിലൂടെ

| | | |
|---|---|---|
| അമ്മിഞ്ഞപ്പാലിനൊപ്പം നുകരുന്നു | അ | എന്നയക്ഷരം |
| ആന കളിക്കാൻ കൂടെ പോരുന്നു | ആ | എന്നയക്ഷരം |
| ഇലയായ് ഇലഞ്ഞിപ്പൂക്കളായ് വിടരുന്നു | ഇ | എന്നയക്ഷരം |
| ഈശ്വര നാമമായ് ഉരുവിടുന്നു | ഈ | എന്നയക്ഷരം |
| ഉണ്ണിയായുമ്മയായുണരുന്നു | ഉ | എന്നയക്ഷരം |
| ഊണു കഴിച്ചുകൊണ്ടൂഞ്ഞാലിലാടുന്നു | ഊ | എന്നയക്ഷരം |
| എന്തിനെന്തെവിടെയെന്നീ ചോദ്യങ്ങളായിരുന്നു | എ | എന്നയക്ഷരം |
| ഏട്ടനായേട്ടത്തിയായ് സൗഹൃദമരുളുന്നു | ഏ | എന്നയക്ഷരം |
| ഐസ്ക്രീമായി രുചിച്ചിറങ്ങുന്നു | ഐ | എന്നയക്ഷരം |
| ഒരുമയായ് ഒന്നായ് ചേർന്ന് പറയുന്നു | ഒ | എന്നയക്ഷരം |
| ഓണമായ് ഓലപീപ്പിയായ് കൂട്ടുകൂടുന്നു | ഓ | എന്നയക്ഷരം |
| ഔഷധമായ് ആരോഗ്യശാസ്ത്രമായ് മാറിടുന്നു | ഔ | എന്നയക്ഷരം |



# ക്യാമ്പിലൂടെ....







## സ്കൂൾ പ്രവർത്തനങ്ങളിലൂടെ............





## സ്കൂൾ പ്രവർത്തനങ്ങളിലൂടെ............






# സ്കൂൾ പ്രവർത്തനങ്ങളിലൂടെ............



## സ്കൂൾ പ്രവർത്തനങ്ങളിലൂടെ............






# ‘തപ്പും തുടിയുമായി ഊരു താളം ‘ .....
# ട്രൈബൽ ഫെസ്റ്റ്





# 'തപ്പും തുടിയുമായി ഊരു താളം ' .....
# ട്രൈബൽ ഫെസ്റ്റ്






# 'തപ്പും തുടിയുമായി ഊരു താളം ' .....
# ട്രൈബൽ ഫെസ്റ്റ്



## തപ്പും തുടിയുമായി ഊരുതാളം

ഗോത്രസംസ്കാരത്തിന്റെ ആന്തരാവിലെ തുടിപ്പുകളുമായാണ് പീച്ചി ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ ഊരുതാളം ട്രൈബൽ ഫെസ്റ്റിൽ മുഴങ്ങിക്കേട്ടത്. കലാപരമായും ആചാരപരമായും വ്യത്യസ്ത പുലർത്തുന്ന ഒരു ജനതയുടെ സംസ്കാരത്തെ അടുത്തറിയാനും അവരോടൊപ്പം വേദിയൊരുക്കി ആഘോഷിക്കാനുള്ള വേദിയും കൂടിയായിരുന്നു ഇത്.

പീച്ചി ഗവ. ഹയർസെക്കൻഡറി സ്കൂളും പീച്ചി ഗവ. എൽ.പി സ്കൂളും പീച്ചി ഗവ. ട്രൈബൽ സ്കൂളും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. നാടൻ പാട്ടുകൾ, ആദിവാസി നൃത്തം, ശിങ്കാരിമേളം, മുടിയാട്ടം, കുമ്മിയടി, ഉണർത്തുപാട്ട്, മുറം കുലുക്കിപ്പാട്ട് തുടങ്ങിയവ ഏറെ ശ്രദ്ധേയമായി. വിദ്യാർഥികളും യുവതീയുവാക്കളും വീട്ടമ്മമാരും തനിമ ചോരാതെ പരിപാടികൾ അവതരിപ്പിച്ചു.

അഞ്ച് ഊരുകളിൽ നിന്നുള്ളവരാണ് ഊരു താളത്തിനെത്തിച്ചേർന്നത്. വെള്ളക്കാരിത്തടം, മണിയൻ കിണർ, ഒളകര, പൂവൻചിറ, താമരവെള്ളച്ചാൽ എന്നിവിടങ്ങളിൽ നിന്നാണ് എത്തിയത്. രാവിലെ പത്ത് മുതൽ വൈകിട്ട് അഞ്ച് വരെയായിരുന്നു പരിപാടികൾ. നാല്പതിലേറെ പേർ ചേർന്ന് ഇരുപതോളം പരിപാടികളാണ് അവതരിപ്പിച്ചത്.

● ഊരുതാളം ട്രൈബൽ ഫെസ്റ്റിൽ അവതരിപ്പിച്ച കലാപരിപാടി

കേരള വനംവകുപ്പിന്റെ കീഴിലുള്ള വനശ്രീ ഇക്കോ ഷോപ്പിന്റെ സ്റ്റാളിലൂടെ വനവിഭവങ്ങളുടെ വിൽപ്പനയും ഊരു താളത്തിൽ നടന്നു. തേൻ, രാമച്ചം, പച്ചമരുന്നുകൾ, ഔഷധ വേരുകൾ എന്നിവയാണ് പ്രധാന ഉത്പന്നങ്ങൾ.

കേരള വനഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ മുള-ചൂരൽ ഉത്പന്നങ്ങളുടെ പ്രദർശനം നടന്നു. വിവിധയിനം മുളകൾ, മുളയരികൾ, വാദ്യോപകരണങ്ങൾ തുടങ്ങിയവയായിരുന്നു പ്രധാന പ്രദർശന ഇനങ്ങൾ.

കെ. രാജൻ എം.എൽ.എ ഊരുതാളം ഉദ്ഘാടനം ചെയ്തു. പാണഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് കെ.വി. അനിത അധ്യക്ഷയായി. ജില്ലാ പഞ്ചായത്തംഗം ലില്ലി ഫ്രാൻസിസ്, ഷിബു പോൾ തുടങ്ങിയവർ പങ്കെടുത്തു.



2019 മെയ് 11

## സാംസ്കാരിക തനിമ വിളിച്ചോതി ട്രൈബൽ ഫെസ്റ്റിവൽ ഊരുതാളം

പീച്ചി സ്കൂളിൽ ട്രൈബൽ ഫെസ്റ്റിവൽ ഊരുതാളം എം.എൽ.എ കെ രാജൻ ഉദ്ഘാടനം ചെയ്യുന്നു

**പീച്ചി.** കാടിന്റെ ഉൾതുടിപ്പുകളുമായി പീച്ചി ഗവ.ഹയർസെക്കൻഡറി സ്കൂളങ്കണത്തിൽ അരങ്ങേറിയ ഊരുതാളം ട്രൈബൽ ഫെസ്റ്റിവൽ സാംസ്കാരികമായും ആചാപരമായും വ്യത്യസ്ഥത പുലർത്തുന്ന ഒരു ജനതയുടെ ആത്മാവിഷ്കാരമായി. കലകളെ അടുത്തറിയാനും ആസ്വദിക്കാനും വേദിയൊരുക്കിയ സ്കൂളിന്റെ അധ്യാപകർ അഭിനന്ദനം അർഹിക്കുന്നു ആദിവാസികൾക്കിടയിൽ ഒരു കാലത്ത് നിലനിന്നിരുന്ന കലാരൂപങ്ങളുടെ അവതരണം കാഴ്ചക്കാരിൽ വിസ്മയം വിടർത്തി. പഴയ തലമുറയിലെ ആദിവാസികലകൾ പ്രോത്സാഹനവും സംരക്ഷണവുമില്ലാതെ വിസ്മൃതിയിലേക്ക് ആണ്ടുപോകുന്നത് കണ്ടറിഞ്ഞ പീച്ചി ഹൈസ്കളിലെ ബിന്ദു ടീച്ചറും സജിത ടീച്ചറുമാണ് ഊരുതാളത്തിന് പിന്നിലെ ഇച്ഛാശക്തിയും അധ്വാനവും. നാടൻ പാട്ടുകൾ, ആദിവാസി നൃത്തം, മുറംകുലുക്കി പാട്ട്, ശിങ്കാരി മേളം, മുടിയാട്ടം, കുമ്മിയടി എന്നിവ ആദിവാസി തനിമയോടെ അവതരിപ്പിച്ചു. ആദിവാസി ദൈവങ്ങളെ ഉത്സവത്തിന് വിളിച്ചുണർത്തുന്ന കാടിന്റെ പാട്ടും താമര വെള്ളച്ചാൽ ആദിവാസി ഊരുകളിൽ നിന്നുള്ളവർ അവതരിപ്പിച്ചു. ആദിവാസികൾക്കിടയിൽ മാത്രം പ്രചാരമുള്ള മുറംകുലുക്കി പാട്ട് പ്രേതാത്മാക്കൾ ശരീരത്തിൽ പ്രവേശിച്ചാൽ ഒഴിവാക്കുന്നതിനുള്ള പ്രത്യേക ആചാരപരമായ കലയാണ്. ട്രൈബൽ ഫെസ്റ്റിവൽ ഊരുതാളം കെ. രാജൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പാണഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് കെ.വി

അനിത അധ്യക്ഷത വഹിച്ചു.
പഞ്ചായത്ത് വൈസ്പ്രസി
ഡന്റ് കെ.എ അബൂബക്കർ
ജില്ലാ പഞ്ചായത്തംഗം ലില്ലി
ഫ്രാൻസിസ്, ഇസാഫ് ഡയ
റക്ടർ ജേക്കബ് സാമുവൽ,
ബ്ലോക്ക് പഞ്ചായത്തംഗം
ഷീല അലക്സ്, പഞ്ചായ
ത്തംഗങ്ങളായ ഫൗസി
ബൈജു, ബാബു തോമ
കെ.പി എൽദോസ്, ഇ.
മനോജ്, ബി.പി.ഒ രേണി
ഹെഡ്മിസ്ട്രസ് സി. സാ
ത, പി.ടി.എ പ്രസി
ചാക്കോ എബ്രഹാം,
രാജേഷ്, ശാന്ത വേ
ധൻ, ഷിബു പോൾ,
കുട്ടി, സ്റ്റാഫ് സെക്ര
സുകുമാരൻ എ
സംസാരിച്ചു.



# വായന വാരം

ശരീരത്തിന്റെ വളർച്ചയ്ക്ക് ആഹാരമെന്നപോലെ മനസ്സിന്റെ വളർച്ചയ്ക്ക് വിജ്ഞാനവും അത്യാവശ്യമാണ്. ഒരുവനെ ജ്ഞാനിയാക്കുന്ന ഒരു ഉത്തമഗുരുഭൂതന്റെ സ്ഥാനമാണിതിനുള്ളത്. അതു നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യമനസ്സിനെ ഗ്രന്ഥങ്ങൾ വളരെയേറെ സ്വാധീനിക്കാറുണ്ട്. ബാല്യത്തിൽ മനസ്സിൽ പതിയുന്ന അറിവ് തെറ്റായാലും ശരിയായാലും അത് മായുകയില്ല. അതുകൊണ്ട് തന്നെ ബാല്യത്തിൽ കുറ്റമറ്റ അറിവുവേണം ലഭിക്കുവാൻ.

കുറ്റാന്വേഷണ കഥകളും മറ്റും ബാല്യത്തിലേ വായിച്ചുശീലിക്കുന്ന കുട്ടികൾ അവസാനം അവയുടെ അടിമകളായിത്തീരുന്നു. കുറ്റകൃത്യങ്ങൾ ചെയ്യാൻ വരെ കുറ്റാന്വേഷണകഥകൾ കുട്ടികളെ പ്രേരിപ്പിച്ചെന്നിരിക്കും. നല്ല കുടുംബങ്ങളിലെ കുട്ടികൾ ഒത്തുചേർന്ന് ബാങ്കു കവർച്ച നടത്തി. ഈയിടെ വായിച്ച ഒരു വാർത്തയാണിത്. ഇതിനുപിന്നിലെ മാധ്യമങ്ങളുടെ അമിത സ്വാധീനത്തെ തള്ളിക്കളയാനാവില്ല.

സ്വഭാവരൂപീകരണം ഏറ്റവും കൂടുതൽ നടക്കുന്നത് സ്കൂൾ കാലഘട്ടത്തിലാണ്. നല്ല രീതിയിലുള്ള വായനാശീലം കുട്ടികളിൽ വളർത്തിയെടുക്കുവാൻ സാധിച്ചാൽ ഒരു നല്ല നാളേയ്ക്കുള്ള പൗരന്മാരെ വാർത്തെടുക്കാൻ നമുക്കു കഴിയും. അക്ഷരം അറിവാണ്. അറിവ് വെളിച്ചവും എന്ന് സ്വാമി വിവേകാനന്ദന്റെ മൊഴിമുത്തുകൾ വായനയുടെ പ്രധാന്യത്തെ തന്നെയാണ് ഊട്ടിയുറപ്പിക്കുന്നത്.

# ദിൽരാജും ഗിരീഷും
# പിന്നെ പെൻസിലും













9A


Gireesh



കർമ്മണ്യേവാധികാരസ്തേ
മാ ഫലേഷു കദാചന